<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2625**</u> <u>**06-10-2025 - ൽ മറുപടിയ്ക്ക്**</u>

<u>**ലോജിസ്റ്റിക്സ് പാർക്ക്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഉല്പന്നങ്ങളുടെ സംഭരണം, മാനേജ്മെന്റ്, വിതരണം, ഗതാഗതം എന്നിവയ്ക്കായി രൂപകല്പന ചെയ്തിട്ടുള്ള വ്യവസായ മേഖല എന്ന നിലയിൽ ലോജിസ്റ്റിക്സ് പാർക്കുകളുടെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ലോജിസ്റ്റിക്സ് ശൃംഖലയിൽ വ്യാവസായിക ഉൽപ്പാദന കേന്ദ്രങ്ങളേയും ഉപഭോഗ കേന്ദ്രങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണികളാണ് ലോജിസ്റ്റിക്സ് പാർക്കുകൾ. കസ്റ്റംസ് ക്ലിയറൻസ്, കണ്ടെയ്നർ ഗതാഗതം, ഉൽപ്പന്നങ്ങളുടെ സംഭരണം, മാനേജ്മെന്റ്, വിതരണം, ലേബലിങ് മുതലായ ഒട്ടനവധി സേവനങ്ങൾ ലോജിസ്റ്റിക്സ് പാർക്കുകളിലൂടെ ലഭ്യമാകുന്നതാണ്.<br><br>വ്യാവസായിക വികസനത്തിന് ഇത്തരത്തിൽ കാര്യക്ഷമമായ ലോജിസ്റ്റിക്സ് പാർക്കുകളുടെ ഒരു ശൃംഖല അത്യാവശ്യമാണെന്ന ഉത്തമ ബോധ്യത്തോടെയാണ് ലോജിസ്റ്റിക്സ് മേഖലയെ ഒരു മുൻഗണനാ മേഖലയായി 2023-ലെ സംസ്ഥാന വ്യവസായ നയത്തിലൂടെ പ്രഖ്യാപിച്ചത്. ഇതിന് ചുവടു പിടിച്ച് ഒരു ഉപനയമായി ‘കേരള ലോജിസ്റ്റിക്സ് പാർക്ക് പോളിസി’ അംഗീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം, കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും, അഞ്ചു മുതൽ പത്തു വരെ ഏക്കർ ഭൂമിയിൽ മിനി-ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ പ്രോത്സാഹനം നൽകും. പൂർണ്ണമായും സ്വകാര്യ മേഖലയിലോ, അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ലോജിസ്റ്റിക്സ് പാർക്കുകളുടെ പ്രധാന ഘടകങ്ങൾ (കോർ കംപോണന്റ്സ്) വികസിപ്പിക്കുന്നതിനും, ഭൂമിയും ഭൂവികസനവും ഒഴികെയുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, നിക്ഷേപ സബ്സിഡിയും പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിലേക്കായി മേൽസൂചിപ്പിച്ച തരം സ്ഥിരമൂലധന നിക്ഷേപങ്ങൾക്ക് പരമാവധി 10 കോടി രൂപ വരെയും, മിനി ലോജിസ്റ്റിക്സ് |

| | | | |
|---|---|---|---|
| | | | പാർക്കുകളിലെ യോഗ്യമായ സ്ഥിരമൂലധന നിക്ഷേപങ്ങൾക്ക് പരമാവധി 5 കോടി രൂപ വരെയുമാണ് നിക്ഷേപ സബ്സിഡിയായി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ, ലോജിസ്റ്റിക്സ് പാർക്കോ, മിനി-ലോജിസ്റ്റിക്സ് പാർക്കോ സ്ഥാപിക്കുന്നതിന്, വിലകൊടുത്തു വാങ്ങുകയോ, ദീർഘ കാലത്തേക്ക് പാട്ടത്തിലെടുക്കുകയോ ചെയ്യുന്ന ഭൂമിയ്ക്ക്, സ്റ്റാമ്പ് ഡ്യൂട്ടിയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവ് നല്കാൻ തീരുമാനം എടുത്തിട്ടുണ്ട്. മാത്രമല്ല, 2023-ലെ കേരള വ്യാവസായിക നയത്തിന് കീഴിലുള്ള ഒരു മുൻഗണനാ മേഖലയായതിനാൽ, പ്രസ്തുത നയത്തിന് കീഴിൽ നൽകുന്ന മറ്റ് എല്ലാ ഇൻസെൻറ്റീവുകളും ലോജിസ്റ്റിക്സ് നയത്തിന് കീഴിൽ വരുന്ന സംരംഭങ്ങൾക്കും ബാധകമായിരിക്കും.<br><br>സംസ്ഥാനത്ത് ലോജിസ്റ്റിക്സ് മേഖലയിലെ സാധ്യത പരിഗണിച്ച് ഈ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ കിൻഫ്ര പുതുക്കിയ ലാൻഡ് അലോട്ട്മെന്റ് നയം കൊണ്ടുവരികയുണ്ടായി. അതിൻ പ്രകാരം കിൻഫ്ര വ്യവസായ പാർക്കുകളിലോ, മൾട്ടി മോഡൽ ലോജിസ്റ്റിക്സ് പാർക്കുകളിലോ ലോജിസ്റ്റിക്സ് പ്രവർത്തനങ്ങൾക്കും വെയർഹൗസിങ്ങിനും വേണ്ടി ഒരു പരമാവധി പരിധി നിശ്ചയിച്ച് ഭൂമി അലോട്ട് ചെയ്യാവുന്നതാണ്. ഇതിനായി പുതുതായി വരുന്ന കിൻഫ്ര പാർക്കുകളിൽ ഒരു നിശ്ചിത ശതമാനം ഭൂമി മാറ്റിവെക്കുന്നതാണ്. പുതുക്കിയ നയ പ്രകാരം യഥാർത്ഥ അലോട്ടിക്ക് അവർ നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ മറ്റ് ഓപ്പറേറ്റർമാർക്ക് സബ്-ലീസ് ചെയ്യാവുന്നതാണ്.<br><br>നിലവിൽ കിൻഫ്ര പാർക്കുകളിൽ നിരവധി ലോജിസ്റ്റിക്സ് കമ്പനികൾ പ്രവർത്തിച്ചു വരുന്നുണ്ട്. കളമശ്ശേരി ഹൈടെക് പാർക്ക്, കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ കണ്ണൂർ, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് കാക്കഞ്ചേരി, കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് തലശ്ശേരി, കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് തിരുവനന്തപുരം, കിൻഫ്ര മെഗാ ഫുഡ് പാർക്ക് പാലക്കാട്, തുടങ്ങിയ പാർക്കുകളിൽ സെൻട്രൽ വെയർഹൗസിങ് കോർപ്പറേഷനും മറ്റു പ്രൈവറ്റ് വെയർഹൗസുകളും പ്രവർത്തിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ ആദ്യ ലോജിസ്റ്റിക്സ് ടൗൺഷിപ്പ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അനുയോജ്യമായ സ്ഥലം കിട്ടുന്ന മുറയ്ക്ക് ഏറ്റെടുക്കുന്നതാണ്. |
| (സി) | പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കപ്പെടുന്ന ലോജിസ്റ്റിക്സ്, മിനി ലോജിസ്റ്റിക്സ് പാർക്കുകളുടെ ശൃംഖലയിലൂടെ വിഴിഞ്ഞം | (സി) | ലോജിസ്റ്റിക്സ് പാർക്കുകൾ വലിയ തോതിൽ തൊഴിൽ സൃഷ്ടിക്കുന്ന ഇടങ്ങളാണ്. സ്ഥലം ഏറ്റെടുത്ത് നടപടികൾ പൂർത്തീകരിച്ച് ലോജിസ്റ്റിക്സ് പാർക്കുകൾ |

| | | | |
|---|---|---|---|
| | പ്രദേശവാസികളടക്കമുള്ളവർക്ക് തൊഴിൽ ലഭിക്കുമോയെന്ന് വിശദമാക്കാമോ; | | സ്ഥാപിക്കുന്ന മുറയ്ക്ക് പ്രദേശവാസികൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നതാണ്. |
| (ഡി) | ലോജിസ്റ്റിക്സ് ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനായി ഉടമകളുടെ സമ്മതത്തോടെ വികസനാവശ്യത്തിനായി ഭൂമി വിജ്ഞാപനം ചെയ്യുന്ന ലാൻഡ് പൂളിങ് രീതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ അവലംബിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിന്റെ 14-ാം വകുപ്പ് പ്രകാരം സംസ്ഥാനത്ത് വ്യാവസായിക ടൗൺഷിപ്പ് ഏരിയകൾ വിജ്ഞാപനം ചെയ്യാവുന്നതാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 Q-ലെ ക്ലോസ് (1)-ലെ വ്യവസ്ഥ പ്രകാരം, ഗവർണർക്ക് പൊതു വിജ്ഞാപനത്തിലൂടെ, ഒരു പ്രദേശത്തെ വ്യാവസായിക ടൗൺഷിപ്പ് ഏര്യയായി പ്രഖ്യാപിക്കാവുന്നതാണ്. അത്തരം വ്യാവസായിക ടൗൺഷിപ്പ് പ്രദേശങ്ങൾ, നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സൃഷ്ടിക്കപ്പെട്ട ഒരു ടൗൺഷിപ്പ് അതോറിറ്റിയുടെ അധികാരപരിധിയിലായിരിക്കുന്നതാണ്.<br><br>ഇപ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന വ്യാവസായിക ടൗൺഷിപ്പുകളിൽ പദ്ധതികളുടെ വികസനാവശ്യത്തിനായി ഭൂമി ലാൻഡ് പൂളിങ് ഉൾപ്പെടെയുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ കണ്ടെത്താവുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അനുബന്ധ പ്രദേശത്ത് ഈ രീതിയിൽ ഒരു വ്യാവസായിക ടൗൺഷിപ്പ് വിജ്ഞാപനം ചെയ്യുന്നതിനുവേണ്ടി ഭൂമി കണ്ടെത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ